ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : കൂപ്പുതിറക്കാരുടെ എണ്ണം ഓരോ കൊല്ലത്തിലും ചുരുക്കിച്ചുരുക്കി നിറുത്തൽ ചെയ്യണം. അതിനു ഓരോ കൊല്ലത്തിലും പെർമിറ്റ് കൊടുക്കുന്നതു ചുരുക്കിക്കൊണ്ടുവരാൻ ശ്രമിക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരി : അതു ഡാക്ടറന്മാർ പറയാതെ എന്നെക്കൊണ്ടു പറയാൻ സാധിക്കുകയില്ല.

ബാക്ക്‌വേഡ് വിമൻസ് അസോസിയേഷൻ.

*1808 [23] ശ്രീ. ടി. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ഡിസ്ട്രിക്ടിൽപ്പെട്ട വഴുതൂർ 115-ാം നമ്പർ ബാക്ക്‌വേഡ് വിമൻസ് അസോസിയേഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഗവണ്മെന്റിനു ലഭിച്ചിട്ടുള്ള പരാതിയിന്മേൽ എന്തു നടപടി സ്വീകരിച്ചു ;

(ബി) 1958-59-ലേക്ക് ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെന്റിൽ നിന്നും അസോസിയേഷനു ലഭിക്കേണ്ട ഗ്രാന്റു തട്ടിയെടുക്കുന്നതിനുള്ള ചിലരുടെ ഗൂഢതന്ത്രങ്ങൾക്കെതിരായി വകുപ്പുമന്ത്രിക്കു നിവേദനം ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. ചാത്തൻ) :

(എ) ഉണ്ട്.

(ബി) അതേപ്പറ്റി അന്വേഷണം നടത്തി. അന്വേഷണം നടത്തിയതിൽ പരാതികളും അടിസ്ഥാനരഹിതമാണെന്നുകണ്ടു. 1958-59-ലേക്ക് ഗ്രാന്റു കൊടുത്തു കഴിഞ്ഞു.

ശ്രീ. ടി. കുഞ്ഞൻ : ഈ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചു പരാതികളെയെല്ലാം അടിസ്ഥാനരഹിതമാണെന്നു പറഞ്ഞു മന്ത്രി തള്ളിക്കളയുന്നതു ശരിയല്ല. അതിൽ ഒന്നോ രണ്ടോ എങ്കിലും മന്ത്രിതന്നെ ഒന്നു അന്വേഷിച്ചാൽ അറിയാവുന്നതാണു്. അങ്ങനെ ഒന്നന്വേഷിച്ചു് ഞങ്ങളെ അറിയിക്കാൻ മനസ്സുണ്ടാകുമോ ?

(ഉത്തരമില്ല)

ലീവു റിസർവു് ടീച്ചർമാരുടെ നിയമനം.

* 1809. [24] ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) കണ്ണൂർ, കോഴിക്കോടു്, പാലക്കാടു് എന്നീ ജില്ലകളിലേക്കു വേണ്ട ലീവു് റിസർവു് ടീച്ചർമാരെ പബ്ലിക്കു് സർവ്വീസു് കമ്മീഷൻ 1958 ജനുവരിയിൽ ഇൻർവ്യൂ നടത്തിയിട്ടും അവർ തയാറാക്കിയ ലിസ്റ്റിൽനിന്നു് യാതൊരാളെയും ഇതുവരെയും നിയമിച്ചിട്ടില്ലെന്നു ഗവണ്മെന്റിനു വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനെ സംബന്ധിച്ചു് വല്ല അന്വേഷണവും നടത്തിയിട്ടുണ്ടോ ;

(സി) ഈ സംഗതി ശരിയാണെങ്കിൽ ഈ ലിസ്റ്റു് ക്യാൻസൽ ചെയ്യാതിരിക്കുവാനും പുതിയ സ്കൂൾവർഷത്തിൽ ഉണ്ടാവുന്ന ഒഴിവുകളിലേക്കു മേൽ ലിസ്റ്റിൽനിന്നും നിയമനം നടത്തുവാനും ആവശ്യമായ നടപടികളും സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly